**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1107** **06-10-2021 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക വകുപ്പ് നൽകുന്ന ഫെലോഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പ് നിലവിൽ ഫെലോഷിപ്പ് നൽകുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുകയും വഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനായി സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. പ്രസ്തുത പദ്ധതിയിൽ കലാപഠനം പൂർത്തിയാക്കിയ യുവ കലാകാരന്മാർക്ക് രണ്ടു വർഷക്കാലയളവിലേയ്ക്ക് ക്ലാസിക്കൽ, സമകാലീന, ഫോക് ലോർ വിഭാഗങ്ങളിലായി ആകെ 1000 ഫെലോഷിപ്പുകൾ നൽകുന്നുണ്ട്. ഇവർക്ക് പ്രതിമാസം 10,000/- രൂപാ വീതം സാംസ്കാരിക വകുപ്പിൽ നിന്നും 5,000/- രൂപാ വീതം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നൽകി വരുന്നു. |
| (ബി) | നെയ്യാറ്റിൻകര മണ്ഡലത്തിൽ ഏതൊക്കെ കലാകാരന്മാർക്കാണ് ഫെലോഷിപ്പ് നൽകുന്നത് എന്ന് വിശദമാക്കാമോ; ഓരോ കലാകാരന്മാർക്കും പ്രതിമാസം എത്ര രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ? | (ബി) | നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി, അതിയന്നൂർ ബ്ലോക്ക് എന്നീ ക്ലസ്റ്ററുകളിലായി വിവിധ കലാരൂപങ്ങളിൽപ്പെട്ട 12 പേർക്ക് വജ്ര ജൂബിലി ഫെലോഷിപ്പ് നൽകി വരുന്നു. സർക്കാർ മാനദണ്ഡപ്രകാരം നിശ്ചിത ക്ലാസ്സുകൾ പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 10,000/- രൂപാ വീതം സാംസ്കാരിക വകുപ്പിൽ നിന്നും 5000/- രൂപാ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ